2358
4/2/19

# കേരള സർക്കാർ

## സംഗ്രഹം

തൃശ്ശൂർ ഡിവിഷൻ-പട്ടിക്കാട് റെയിഞ്ച് - പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷൻ - പറവട്ടാനിമല റിസർവ് ഭാഗം - ഈട്ടി മരങ്ങൾ മുറിച്ച കടത്തൽ - ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) ക്ക് എതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 416 /2018/വനം തീയതി, തിരുവനന്തപുരം, 17/09/2018

---

പരാമർശം:- 1. എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 15.06.2016-ലെ FE 1600/2014 നമ്പർ റിപ്പോർട്ട്.

2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 22.01.2017-ലെ ബി7-48990/14 നമ്പർ കത്ത്.

3. സർക്കാരിന്റെ 27.04.2017-ലെ FWLD A2/25/2017/FWLD നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

4. ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ (റിട്ട.) 27.06.2017 ലെ പ്രതിവാദ പത്രിക.

## ഉത്തരവ്

തൃശ്ശൂർ ഡിവിഷൻ പട്ടിക്കാട് റെയിഞ്ചിലെ പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.റ്റി.റോയിയെക്കുറിച്ച് എലവുത്തിങ്കൽ ഫ്രാൻസിസ് മകൻ അനൂപ് സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

2) എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് സ്റ്റാഫുകളും സ്റ്റേഷൻ സ്റ്റാഫുകളും ഒരുമിച്ച് 20.02.2013 ൽ പൊങ്ങണംകാട് സ്റ്റേഷൻ പരിധിയിലെ വാരിക്കുളം നിന്നുകുഴി ഭാഗം പറവട്ടാനിമല റിസർവ് ഭാഗത്ത് വ്യാജമദ്യ നിർമ്മാണമുണ്ടോയെന്ന് പരിശോധിക്കുന്നതിനിടെ 3 ഈട്ടി മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടുപോയതായി കണ്ടെത്തി മഹസ്സർ തയ്യാറാക്കി തുടരന്വേഷണത്തിനായി പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷന് കൈമാറിയതായും ടി കേസ് പ്രസ്തുത സ്റ്റേഷനിൽ ഒ.ആർ 1/13 നമ്പരായി രജിസ്റ്റർ ചെയ്യുകയും, സ്റ്റേഷൻ സ്റ്റാഫ് 05.04.2013 ൽ തയ്യാറാക്കിയതും ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ.കെ.ടി.റോയി വെരിഫൈ ചെയ്തതുമായ മഹസ്സറിൽ മില്ലിനകത്തു നിന്നും 44 കഷണം അറുത്ത ഈട്ടി ഉരുപ്പടികളും മില്ലിനുപുറത്ത് റോഡരികിൽ നിന്നും 22 കഷണം ഈട്ടിത്തടികളും ബന്തവസ്സിലെടുത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ പരാതി

സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ നിന്നു മനസ്സിലായിട്ടുള്ളത് ടി 22 കഷണം തടികളും മില്ലിന്റെ കോമ്പൗണ്ടിനകത്തു തന്നെയായിരുന്നുവെന്നും മഹസ്സർ തയ്യാറാക്കിയ ഉദ്യോഗസ്ഥർ മില്ലുടമയെ പ്രതിയാക്കുന്നത് ഒഴിവാക്കാനായി രേഖകളില്ലാത്ത തടികൾ കോമ്പൗണ്ടിന് വെളിയിലാണെന്ന രീതിയിൽ തെറ്റായ വിവരം മഹസ്സറിൽ ചേർക്കുകയായിരുന്നുവെന്നുമാണ്. രേഖകൾ പ്രകാരം, മഹസ്സർ തയ്യാറാക്കിയ 05.04.2013 മുതൽ അടുത്ത മഹസ്സർ തയ്യാറാക്കിയ 10.04.2013 വരെ ടി തൊണ്ടിത്തടികൾ ആരെയും ചുമതലപ്പെടുത്താതെ റോഡരികിൽ സൂക്ഷിക്കുകയായിരുന്നു. ഈട്ടി ഉരുപ്പടികൾ സർക്കാർ ബന്തവസ്സിലെടുത്ത് എവിടെ സൂക്ഷിച്ചു എന്ന കാര്യത്തിൽ വ്യക്തതയില്ല. മഹസ്സറിൽ പറയുന്ന ഈട്ടി ഉരുപ്പടികൾ രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 10.04.2013 ന് കക്ഷിക്ക് വിട്ടുകൊടുത്തു എന്ന് മൊഴികളിൽ പറയുന്നുണ്ടെങ്കിലും ഇത് മഹസ്സറിൽ രേഖപ്പെടുത്തുകയുണ്ടായില്ലെന്നും ഇതിനാസ്പദമായ രേഖകളൊന്നും സ്റ്റേഷനിലോ റെയിഞ്ചിലോ സൂക്ഷിച്ചിട്ടില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ടി ഉരുപ്പടികൾക്കാസ്പദമായ തടികളുടെ ഉടമ ആരാണെന്നോ, ആർക്കാണ് ഉരുപ്പടികൾ വിട്ടുകൊടുത്തതെന്നോ മഹസ്സറിൽ നിന്നോ ബന്ധപ്പെട്ട ഫയലിൽ നിന്നോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒ.ആർ.1/13 കേസ്സിൽ സർക്കാർ ബന്തവസ്സിലെടുത്തിട്ടുള്ള 22 കഷണം ഈട്ടിത്തടികളും ചൊവ്വൂർ ഭാഗത്തുള്ള രണ്ട് ഫർണിച്ചർ സ്ഥാപനങ്ങളുടെ ഉടമകൾ മില്ലിന്റെ കോമ്പൗണ്ടിനുള്ളിൽ കൊണ്ടുവന്നിട്ടിരുന്നതാണെന്നും അന്വേഷണത്തിൽ കണ്ടെത്തി. 10.04.2013 ൽ തയ്യാറാക്കിയ മഹസ്സർ വെരിഫൈ ചെയ്ത റെയിഞ്ച് ഓഫീസറും തടികൾ കോമ്പൗണ്ടിന് വെളിയിൽ സൂക്ഷിച്ചിരിക്കുന്നതായ തെറ്റായ രേഖപ്പെടുത്തൽ ശരിവച്ചിട്ടുള്ളതായും കണ്ടെത്തി.

3) കസ്റ്റഡിയിലെടുത്ത 22 കഷണം ഈട്ടിത്തടികൾ കെ.എൽ-8-പി-7128 നമ്പർ മിനിലോറിയിൽ കയറ്റി പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷൻ കോമ്പൗണ്ടിലേയ്ക്ക് കൊണ്ടുപോയതായി 10.04.2013 ൽ തയ്യാറാക്കിയ മഹസ്സറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി നമ്പർ വാഹനം ബജാജ് ആർ.ഇ-3 ത്രീവീലർ പാസഞ്ചർ വാഹനമാണെന്ന് ഇരിങ്ങാലക്കുട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നിന്നും ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. ഇതിൽ നിന്നും തെറ്റായ നമ്പരാണ് മഹസ്സറിൽ രേഖപ്പെടുത്തിയതെന്നു ബോധ്യപ്പെടുന്നു. മില്ലിൽ നിന്നും തടി കയറ്റിയ സ്ഥലമുൾപ്പെടെയുള്ള കാര്യങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് വെളിച്ചത്തു വരാതിരിക്കാനുള്ള കുറ്റകരമായ ഒരു മുൻകരുതലായിരുന്നു വണ്ടി നമ്പർ തെറ്റായി രേഖപ്പെടുത്തിയതെന്ന് അനുമാനിക്കാവുന്നതാണ്.

4) ജോസ് ഏലിയ മില്ലിൽ നിന്നും പൊങ്ങണംകാട് സ്റ്റേഷൻ സ്റ്റാഫ് 6 കഷണം ഈട്ടിത്തടികൾ കയറ്റിക്കൊണ്ടു പോന്നതായി മില്ലിന്റെ നടത്തിപ്പുകാരന്റെ മൊഴിയിൽ നിന്നും പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡ്രൈവർ ദേവസ്സിയുടെ മൊഴിയിൽ നിന്നും കാണുന്നുണ്ടെങ്കിലും ടി തടികൾ സംബന്ധിച്ച രേഖകളോ ടി 6 കഷണം തടികളോ സ്റ്റേഷനിലെ സൂക്ഷിപ്പിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ചർ (റിട്ട) പിന്നീട് ചാർജെടുത്ത ഡെപ്യൂട്ടി

റെയിഞ്ചർ ശ്രീ.കെ.റ്റി.റോയി എന്നിവർ തൊണ്ടി സംബന്ധമായ വിവരങ്ങൾ ഒഫൻസ് രജിസ്റ്ററിലും തൊണ്ടി രജിസ്റ്ററിലും രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്. ടി കാലയളവിൽ പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.പി.രവീന്ദ്രൻ, മില്ലിനകത്തു നിന്നും കണ്ടെടുത്ത ഈട്ടിത്തടികൾ മില്ലിനു പുറത്ത് റോഡരികിൽ നിന്നും കിട്ടിയതാണെന്നു കാണിച്ച് കൃത്രിമം നടത്തി തയ്യാറാക്കിയ മഹസ്സർ വെരിഫൈ ചെയ്തു വഴി മില്ലുടമയെ സഹായിക്കുവാൻ കൂട്ടു നിന്നതായും ഒ.ആർ.6/12, 1/13 നമ്പർ കേസ്സുകളിൽ സർക്കാർ ബന്തവസ്സിലെടുത്ത തൊണ്ടിത്തടികളിൽ ചിലത് ഫയലിൽ യാതൊരു രേഖയും സൂക്ഷിക്കാതെ വിട്ടുകൊടുത്തതായും ടി ഒ.ആർ കേസുകളിലെ തൊണ്ടി സാധനങ്ങളും വാഹനവും പ്രതികളെയും കണ്ടെത്താൻ യാതൊരു ശ്രമവും നടത്താതെ വീഴ്ച വരുത്തിയതായും, തൊണ്ടി കണ്ടെത്തിയത് റോഡ് സൈഡിൽ നിന്നാണെന്നു കാണിച്ച് മില്ലുടമയ്ക്ക് പ്രതിസ്ഥാനത്തു നിന്ന് രക്ഷപ്പെടാൻ അവസരം ഒരുക്കിയതായും, തെറ്റായ മഹസ്സർ തയ്യാറാക്കിയ കീഴുദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കുകയും തെറ്റായ നടപടികൾ ചെയ്യാൻ പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ടെന്ന അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സും വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും വകുപ്പിലെ 11 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കാൻ ശുപാർശ ചെയ്തിരുന്നു. ഇതിൽ 8 പേർക്കെതിരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിലും, ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), ശ്രീ.പി.രവീന്ദ്രൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), ശ്രീ.കെ.റ്റി.റോയി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സർക്കാർ തലത്തിലും അച്ചടക്ക നടപടി ആരംഭിച്ചു.

5) സർക്കാരിൽ നിന്നും അച്ചടക്ക നടപടി തുടങ്ങിയ ഉദ്യോഗസ്ഥരിൽ സർവ്വീസിൽ നിന്നും 31.03.2013 ൽ വിരമിച്ച ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കു സർവ്വീസിലിരിക്കെ ചെയ്ത കുറ്റത്തിനു ആനുപാതികമായി കേരള സർവ്വീസ് റൂൾസ് ഭാഗം മൂന്ന് ചട്ടം 59 (ബി) പ്രകാരം പെൻഷനിൽ നിന്നും 100/- രൂപ വീതം പ്രതിമാസം കുറവ് ചെയ്യുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിനു പരാമർശം (4) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചു. തുടർന്ന് ടിയാനെ നേരിൽ കേൾക്കുകയുണ്ടായി.

6) ശ്രീ.എം.വി.വിശ്വംഭരൻ തനിക്കെതിരെയുള്ള ആരോപണങ്ങളെല്ലാം തന്നെ നേരിൽ കേട്ട സമയത്ത് താഴെപ്പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ നിഷേധിക്കുകയുണ്ടായി.

ശ്രീ.എം.വി.വിശ്വംഭരൻ പൊങ്ങണംകാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഡെപ്യൂട്ടി ഫോറസ്റ്റ് റെയിഞ്ചറായിരിക്കെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. ആയതിനു OR 1/13 നമ്പർ ആയി കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം

നടത്തിവരവെ 31.05.2013-ൽ വിരമിക്കുന്നതിനു മുന്നോടിയായി 31.03.2013 മുതൽ ടിയാൻ ലീവിൽ പ്രവേശിക്കുകയുണ്ടായി. ലീവിൽ പ്രവേശിക്കുന്നതു വരെ ടി കേസിനോടനുബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നിരന്തരം സ്റ്റേഷൻ സ്റ്റാഫുകളെ നിയോഗിച്ചതായി ജനറൽ ഡയറി കോപ്പി പരിശോധിച്ചാൽ മനസ്സിലാകുമെന്നും, കേസിൽ പിടിച്ചെടുത്ത തൊണ്ടികൾ അന്നേദിവസം മുതൽ ചാർജ്ജ് വിടുന്നതുവരെ സ്റ്റേഷനിൽ തന്നെ സൂക്ഷിച്ചിരുന്നുവെന്നും, കേസന്വേഷണത്തിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ലായെന്നും ബോധിപ്പിക്കുകയുണ്ടായി.

7) ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) സമർപ്പിച്ച പ്രതിവാദ പത്രികയും ആയതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായവും ടിയാനെ നേരിൽ കേട്ടപ്പോഴുന്നയിച്ച വാദവും സർക്കാർ വിശദമായി പരിശോധിച്ചു. ടിയാൻ ഉന്നയിച്ച വാദഗതികൾ ഒക്കെയും ശരിയാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാലും ഹിയറിംഗ് വേളയിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യം സമ്മതിച്ചതിനാലും ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) നെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

8) ശ്രീ.പി.രവീന്ദ്രൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.), ശ്രീ.കെ.റ്റി.റോയി, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീല.എം**

**അണ്ടർ സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.എം.വി.വിശ്വംഭരൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.).
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ